**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 814** **25.01.2018-ൽ മറുപടിയ്ക്ക്**

**എസ്.സി., എസ്.ടി. കോളനികളുടെ ഉന്നമനത്തിനായി പദ്ധതികൾ**

**ചോദ്യം**
**ശ്രീ.പി.കെ.ബഷീർ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഏറനാട് നിയോജക മണ്ഡലത്തിൽ എത്ര എസ്.സി., എസ്.ടി. കോളനികളാണ് നിലവിൽ ഉള്ളത്; കോളനികളുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | ഏറനാട് നിയോജക മണ്ഡലത്തിൽ അരീക്കോട് ബ്ലോക്കിൽ വരുന്ന ഏഴ് പഞ്ചായത്തുകളിലായി 287 പട്ടികജാതി കോളനികൾ ഉണ്ട്. കോളനികളുടെ ഉന്നമനത്തിനായി അംബേദ്കർ ഗ്രാമവികസന പരിപാടി, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതി, ഭവനസംരക്ഷണ പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.<br><br>ഏറനാട് നിയോജക മണ്ഡലത്തിൽ 57 പട്ടികവർഗ്ഗ കോളനികളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | നിയോജക മണ്ഡലത്തിലെ രണ്ട് എസ്.സി. കോളനികൾ, ഒരു എസ്.ടി. കോളനി ഇവയെ വകുപ്പിന്റെ പ്രത്യേക | ബി) | ഏറനാട് നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പരിപാടിയിലേയ്ക്ക് 2 പട്ടികജാതി കോളനികളെ |

| | | | |
|---|---|---|---|
| | പദ്ധതികളിൽ ഉൾപ്പെടുത്തി സമഗ്ര വികസനത്തിനായി ഭരണാനുമതി നൽകിയതിനു ശേഷം നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ആരാണ് പ്രവൃത്തി ചെയ്യുന്നത്; ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | തെരഞ്ഞെടുത്തിരുന്നു. ഇതിൽ വെള്ളാമ്പുറം പട്ടികജാതി കോളനിയിൽ നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രമാണ് പ്രവൃത്തി ചെയ്യുന്നത്. തൈക്കുന്നത്ത് കോളനിയിൽ 40 കുടുംബങ്ങൾ ഇല്ലാത്തതിനാൽ ടി കോളനി പരിഗണിക്കാൻ കഴിയില്ല. പകരം കോളനിയെ തെരഞ്ഞെടുത്ത് നൽകാൻ ബഹു.എം.എൽ.എ.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>ഏറനാട് നിയോജക മണ്ഡലത്തിലെ പാറേക്കാട് പട്ടികവർഗ്ഗ കോളനിയിൽ സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ